(1)

STD X

VALUE POINTS

1st TERM SOCIAL SCIENCE - 2015 SCORE : 80

1. പട്ടിണിപ്പാതയും സമൃദ്ധിപഥവും (2)

2. ഭൗമോപരിതല വിവരങ്ങൾ പകർത്താനായി ഉപയോഗിക്കുന്ന ഉപകരണമാണ് സെൻസർ.
   1. ഭൂതല ഛായാഗ്രഹണം
   2. ആകാശീയ വിദൂരസംവേദനം
   3. ഉപഗ്രഹ വിദൂരസംവേദനം.

   (ഏതെങ്കിലും 2 എണ്ണം) (3)

3. 1. സഞ്ചാരകഥകളുടെ പ്രചാരം
   2. ഇന്ത്യയെക്കുറിച്ചും ചൈനയെക്കുറിച്ചും അറിയാനുള്ള ജിജ്ഞാസ
   3. യൂറോപ്പിൽ സുഗന്ധദ്രവ്യങ്ങളുടെ വർദ്ധിച്ച ആവശ്യം
   4. തുർക്കികൾ കോൺസ്റ്റാന്റിനോപ്പിൾ പിടിച്ചടക്കിയത്
   5. വലിയ കപ്പലുകളുടെ കണ്ടുപിടുത്തം
   6. ആസ്ട്രോലാബ്, വടക്കുനോക്കിയന്ത്രം എന്നിവയുടെ കണ്ടുപിടുത്തം.
   7. സമുദ്ര പര്യവേഷണങ്ങളെ സംബന്ധിച്ചുള്ള പഠനകേന്ദ്രങ്ങൾ ആരംഭിച്ചത്. (ഏതെങ്കിലും മൂന്നെണ്ണം) (3)

4.

| മേഖലകൾ | കാലാവസ്ഥ സവിശേഷതകൾ |
|---|---|
| ഭൂമധ്യരേഖാ കാലാവസ്ഥ | · വർഷം മുഴുവൻ ഉയർന്ന താപനില<br>· ഇടിമിന്നലോടുകൂടിയ സംവഹനവൃഷ്ടി |
| മൺസൂൺ കാലാവസ്ഥ | · തണുത്ത് വരണ്ട ശൈത്യകാലം · ചൂടും മഴയും ഇടവിട്ട് അനുഭവപ്പെടുന്ന വേനൽക്കാലം |
| മരുഭൂമി കാലാവസ്ഥ | · കുറഞ്ഞ വർഷപാതം, ശീതോഷ്ണങ്ങൾ ഏറിയുള്ള വരണ്ട കാലാവസ്ഥ |
| മിതശീതോഷ്ണ പുൽപ്രദേശങ്ങൾ | · മിതമായ മഴ, ഉയർന്ന ചൂട്, തണുപ്പ് |
| മിതശീത കാലാവസ്ഥ | · തണുപ്പ് കൂടിയതും വർഷപാതം കുറഞ്ഞതുമായ ശൈത്യകാലം |
| ധ്രുവമേഖലയിലുള്ള കാലാവസ്ഥ | · തണുപ്പ് കൂടിയതും, വർഷം മുഴുവൻ മഞ്ഞ് മൂടിയ പ്രദേശം |
| മെഡിറ്ററേനിയൻ കാലാവസ്ഥ | · മിതമായ തണുപ്പ്, സാമാന്യം മഴയോടുകൂടിയ ശൈത്യ |

5. ഹിത പരിശോധന (Referendum)

നിയമനിർമ്മാണസഭ പാസ്സാക്കിയ ഒരു നിയമത്തിന്മേൽ ജനാഭിപ്രായം വോട്ടെടുപ്പിലൂടെ പ്രകടമാക്കുന്നതാണ് ഹിതപരിശോധന. ഇതിലൂടെ പ്രസ്തുത നിയമത്തെ അംഗീകരിക്കാനും നിരാകരിക്കാനുമുള്ള അവകാശം ജനങ്ങൾക്ക് ലഭിക്കുന്നു.

• അഭിക്രമം (Initiative)

നിയമനിർമ്മാണസഭ നിയമനിർമ്മാണത്തിൽ വീഴ്ച വരുത്തിയാൽ അതിന് ജനങ്ങൾ മുൻകൈ എടുക്കുന്നതാണ് അഭിക്രമം എന്നറിയപ്പെടുന്നത്. (4)

6. ചക്രവാതങ്ങൾ (Cyclones)

അന്തരീക്ഷത്തിൽ ഉണ്ടാകുന്ന മർദ്ദവ്യത്യാസങ്ങൾ ചക്രവാതങ്ങൾ സൃഷ്ടിക്കുന്നതിന് കാരണമാകാറുണ്ട്.
ഒരു പ്രദേശത്തിന്റെ മധ്യഭാഗത്ത് ന്യൂനമർദ്ദവും അതിന് ചുറ്റിലും ഉച്ചമർദ്ദവും അനുഭവപ്പെടുമ്പോഴാണ് ചക്രവാതങ്ങൾ ഉണ്ടാകുന്നത്. മർദ്ദം കൂടിയ ചുറ്റുപാടുകളിൽനിന്നും ന്യൂനമർദ്ദകേന്ദ്രത്തിലേക്ക് കാറ്റ് വീശുന്നു. ഈ കാറ്റ് ഉത്തരാർദ്ധഗോളത്തിൽ എതിർദിശയിലും ദക്ഷിണാർദ്ധഗോളത്തിൽ ഘടികാരദിശയിലുമാണ് വീശുന്നത്.

പ്രതിചക്രവാതങ്ങൾ

ഒരു പ്രദേശത്തിന്റെ മധ്യഭാഗത്ത് ഉച്ചമർദ്ദവും ചുറ്റിലും ന്യൂനമർദ്ദവും അനുഭവപ്പെടുമ്പോഴാണ് പ്രതിചക്രവാതങ്ങൾ ഉണ്ടാകുന്നത്. പ്രതിചക്രവാതങ്ങൾ ഉത്തരാർദ്ധഗോളത്തിൽ ഘടികാരദിശയിലും ദക്ഷിണാർദ്ധഗോളത്തിൽ എതിർ ഘടികാരദിശയിലും വീശുന്നു. (2)

7. ബ്രിട്ടീഷുകാർ ചൈനയുടെമേൽ നിയന്ത്രണം നേടാൻ ചില വഴികൾ സ്വീകരിച്ചു. ചൈനയിലേക്ക് അവർ വൻതോതിൽ കറുപ്പ് കടത്താൻ തുടങ്ങി. ഇതിലൂടെ ഇംഗ്ലീഷ് ഈസ്റ്റ് ഇന്ത്യാകമ്പനിക്ക് വൻതോതിൽ സാമ്പത്തികലാഭം കിട്ടിയെന്ന് മാത്രമല്ല ചൈനയെ ഭൗതികമായും ധാർമ്മികമായും തകർക്കാനും കഴിഞ്ഞു. കറുപ്പ്

വ്യാപാരം ചൈനയുടെ സമ്പത്ത് വൻതോതിൽ ചോർത്തിക്കളഞ്ഞു. ഇത് ചൈനീസ് ഭരണാധികാരികളെ കറുപ്പ് വ്യാപാരം നിരോധിക്കാൻ പ്രേരിപ്പിച്ചു. ഇംഗ്ലീഷുകാർക്കെതിരെ കർശന നിലപാടെടുത്ത ചൈനയെ യുദ്ധത്തിലൂടെയാണ് ബ്രിട്ടീഷുകാർ നേരിട്ടത്. കറുപ്പുയുദ്ധങ്ങൾ എന്ന പേരിലുള്ള ഈ യുദ്ധങ്ങളിൽ ചൈന തോറ്റു. യൂറോപ്യൻ ശക്തികൾ ചൈനയെ വിവിധ സ്വാധീന മണ്ഡലങ്ങളായി പങ്കിട്ടെടുത്തു. ഫലത്തിൽ ചൈന ഒരു അർദ്ധ കോളനിയായി മാറി. (4)

8. മഴയെ പ്രധാനമായും മൂന്നായി തിരിച്ചിരിക്കുന്നു - സംവഹനവൃഷ്ടി, ശൈലവൃഷ്ടി, ചക്രവാതവൃഷ്ടി

<u>സംവഹനവൃഷ്ടി</u>

ചൂടുപിടിച്ച ഭൗമോപരിതലവായു നീരാവിയോടൊപ്പം അന്തരീക്ഷത്തിലേക്ക് ഉയർന്നുപൊങ്ങുന്നു. ഉയരങ്ങളിൽ വച്ച് ഇവ തണുത്ത് ഘനീഭവിച്ച് മഴയായി പെയ്തിറങ്ങുന്നു. ഇത്തരം മഴയാണ് സംവഹനവൃഷ്ടി. ഇടിമിന്നലോടുകൂടി സാധാരണയായി ഉച്ചയ്ക്കുശേഷം പെയ്യുന്ന ഈ മഴയെ ഉച്ചലിതവൃഷ്ടി എന്നും വിളിക്കുന്നു.

<u>ശൈലവൃഷ്ടി</u>

നീരാവിനിറഞ്ഞ കാറ്റ് അതിന്റെ മാർഗ്ഗത്തിലുള്ള പർവ്വത ചരിവിൽ തട്ടി ഉയർന്നുപൊങ്ങുന്നു. ഇങ്ങനെ ഉയർന്നുപൊങ്ങുന്ന വായു തണുത്ത് ഘനീഭവിക്കുകയും കാറ്റിന് അഭിമുഖമായ പർവ്വത ചരിവിൽ മഴയായി പെയ്തിറങ്ങുകയും ചെയ്യുന്നു. ഈ മഴയാണ് ശൈലവൃഷ്ടി. കാറ്റിന് പ്രതിമുഖമായ പർവ്വതചരിവിൽ മഴനിഴൽ പ്രദേശം സൃഷ്ടിക്കുന്നു.

<u>ചക്രവാതവൃഷ്ടി</u>

ചക്രവാതങ്ങളുമായി ബന്ധപ്പെട്ട് ഉണ്ടാകുന്ന മഴയാണ് ചക്രവാതവൃഷ്ടി. ചക്രവാതത്തിന്റെ മധ്യഭാഗത്ത് ഉഷ്ണവായുവും ശീതവായുവും കൂട്ടിമുട്ടുന്നു. ഈ സമയം ഉഷ്ണവായുവിനെ ശീതവായു

മുകളിലേക്ക് തള്ളി മാറ്റുന്നു. വായു ഉയർന്നു പൊങ്ങുമ്പോൾ അതിലെ നീരാവി ഘനീഭവിച്ച് മഴയായി പെയ്തിറങ്ങുന്നു.

or

ആഗോളമർദ്ദമേഖലകളുടെ വിതരണം

ഭൂമിയിൽ ചില നിശ്ചിത അക്ഷാംശങ്ങൾക്കിടയിൽ ഒരേ അന്തരീക്ഷമർദ്ദമാണ് പൊതുവെ അനുഭവപ്പെടുന്നത്. ഈ അക്ഷാംശമേഖലകളെ ആഗോളമർദ്ദമേഖലകൾ എന്നു വിളിക്കുന്നു. ഭൗമോപരിതലത്തിലെ വ്യത്യസ്ത ഭാഗങ്ങളിൽ ലഭിക്കുന്ന സൗരവികിരണത്തിന്റെ അളവിലുണ്ടാകുന്ന വ്യത്യാസങ്ങളും, ഗതിയ ഘടകങ്ങളും ഭൂമിയിൽ വിവിധ മർദ്ദമേഖലകൾ രൂപം കൊള്ളുന്നതിന് കാരണമാകുന്നു. ഭൂമിയിലെ പ്രധാന മർദ്ദമേഖലകളാണ് മധ്യരേഖാ ന്യൂനമർദ്ദമേഖല, ഉപോഷ്ണ ഉച്ചമർദ്ദമേഖലകൾ, ഉപധ്രുവീയ ന്യൂനമർദ്ദമേഖലകൾ, ധ്രുവീയ ഉച്ചമർദ്ദമേഖലകൾ.

മധ്യരേഖാ ന്യൂനമർദ്ദമേഖല: ഭൂമധ്യരേഖയുടെ ഇരുവശങ്ങളിലും ഏതാണ്ട് 5° മുതൽ 10° വരെയുള്ള അക്ഷാംശമേഖലയിൽ വർഷം മുഴുവനും ഇവിടെ ലഭിക്കുന്ന ഉയർന്ന താപം മൂലം ഈ മേഖലയിൽ ന്യൂനമർദ്ദം അനുഭവപ്പെടുന്നു. ഈ ന്യൂനമർദ്ദമേഖലയാണ് മധ്യരേഖാ ന്യൂനമർദ്ദമേഖല. താപീയ ഘടകമാണ് ഈ ന്യൂനമർദ്ദമേഖലയുടെ രൂപീകരണത്തിന് കാരണമാകുന്നത്.

ഉപോഷ്ണ ഉച്ചമർദ്ദമേഖലകൾ: ഉത്തര - ദക്ഷിണ അർദ്ധഗോളങ്ങളിൽ ഏകദേശം 30° അക്ഷാംശങ്ങൾക്കിടയിലായി രൂപം കൊള്ളുന്ന മർദ്ദമേഖലകളാണ് ഉപോഷ്ണ ഉച്ചമർദ്ദമേഖലകൾ. ഭൂമധ്യരേഖാ പ്രദേശത്തുനിന്നു ഉയർന്നുപൊങ്ങുന്ന ചൂടുവായു കോറിയോലിസ് പ്രഭാവത്തിന്റെ സ്വാധീനത്താൽ ഈ അക്ഷാംശ മേഖലകളിൽ കേന്ദ്രീകരിക്കപ്പെടുന്നതാണ് ഈ മർദ്ദമേഖലകളുടെ രൂപീകരണത്തിന് കാരണമാകുന്നത്.

ഉപധ്രുവീയ ന്യൂനമർദ്ദമേഖലകൾ: ഉത്തര - ദക്ഷിണ അർധഗോളങ്ങളിലായി 60° അക്ഷാംശങ്ങൾക്കിടയിലായി സ്ഥിതി ചെയ്യുന്ന മർദ്ദമേഖലകളാണ് ഉപധ്രുവീയ ന്യൂനമർദ്ദമേഖലകൾ. ശക്തമായ കൊറിയോലിസ് പ്രഭാവത്താൽ ധ്രുവങ്ങളിൽ നിന്നും വീശിയെത്തുന്ന കാറ്റിനെ ഈ മേഖലയിൽനിന്നും വീശിയെത്തുന്ന കാറ്റിനെ ഈ മേഖലയിൽനിന്നും ചുഴറ്റിമാറ്റുന്നു. അതിനാൽ ഈ മേഖല ഒരു ന്യൂനമർദ്ദമേഖലയായി സ്ഥിതി ചെയ്യുന്നു.

ധ്രുവീയ ഉച്ചമർദ്ദമേഖലകൾ: ഉത്തര - ദക്ഷിണ അർധഗോളങ്ങളിൽ 90° അക്ഷാംശമേഖലയിൽ ഏറ്റവും കുറഞ്ഞ അളവിൽ മാത്രമേ താപം ലഭിക്കുന്നുള്ളൂ. ഇക്കാരണത്താൽ ഇവിടങ്ങളിൽ ഉച്ചമർദ്ദം അനുഭവപ്പെടുന്നു. ഒപ്പം ഉപധ്രുവീയ മേഖലകളിൽ നിന്നും ചുഴറ്റിമാറ്റപ്പെടുന്ന വായു ഇവിടെ കേന്ദ്രീകരിക്കുകയും ചെയ്യുന്നു. (6)

9

| നാവികർ | രാജ്യം | കണ്ടെത്തിയ രാജ്യം |
|---|---|---|
| ജോൺ കാബട്ട് | ഇംഗ്ലണ്ട് | ന്യൂഫൗണ്ട്ലാന്റ് |
| ബൽബോവ | സ്പെയിൻ | പനാമ |
| കബ്രാൾ | പോർച്ചുഗൽ | ബ്രസീൽ |

(3)

10 ഒരു രാജ്യത്തിന്റെ ഉല്പാദനത്തിൽ (വരുമാനത്തിൽ) മുൻ വർഷത്തെ അപേക്ഷിച്ച് ഉണ്ടാകുന്ന വർധനവിനെയാണ് സാമ്പത്തിക വളർച്ച എന്ന് പറയുന്നത്.

ഒരു രാജ്യത്തിന്റെ സാമ്പത്തിക വളർച്ചയോടൊപ്പമുണ്ടാകുന്ന ഗുണപരമായ മാറ്റമാണ് സാമ്പത്തിക വികസനം. (2)

11. ഇംഗ്ലണ്ടിൽ രാജാവിന്റെ സ്വേച്ഛാധികാരങ്ങളെ നിയന്ത്രിക്കുന്ന പെറ്റീഷൻ ഓഫ് റൈറ്റ് എന്ന പ്രമാണത്തിൽ 1628-ൽ ഒപ്പുവയ്ക്കാൻ ചാൾസ് ഒന്നാമൻ നിർബന്ധിതനായി. അദ്ദേഹം പിന്നീട് ഇതു ലംഘിക്കുകയും പാർലമെന്റ് പിരിച്ചുവിട്ട് പതിനൊന്ന് വർഷം സ്വേച്ഛാധികാരിയായി ഇംഗ്ലണ്ടിൽ ഭരണം നടത്തുകയും ചെയ്തു. ഇത് പാർലമെന്റും രാജാവും തമ്മിലുള്ള ബന്ധം കൂടുതൽ വഷളാവുകയും അത് ഇംഗ്ലണ്ടിനെ ഒരു ആഭ്യന്തര യുദ്ധത്തിലേക്ക് നയിക്കുകയും ചെയ്തു.

ഈ സമരത്തിൽ രാജാവിന്റെ സൈന്യത്തെ പരാജയപ്പെടുത്തിക്കൊണ്ട് പാർലമെന്റ് വിഭാഗം വിജയം നേടി. (2)

12.

| A | B |
|---|---|
| അന്തരീക്ഷ മർദ്ദം | ബാരോമീറ്റർ |
| കോറിയോലിസ് പ്രഭാവം | ഫെറൽ നിയമം |
| കാറ്റിന്റെ ദിശ | വിന്റ് വെയിൻ |
| ചിനൂക്ക് | ഉഷ്ണക്കാറ്റ്. |

(4)

13 ഫ്രഞ്ച് വിപ്ലവം.

സ്വേച്ഛാധിപത്യ രാജവാഴ്ചയ്ക്കും പ്രഭുവർഗ്ഗ വ്യവസ്ഥകൾക്കുമെതിരെ 1789-ൽ ഫ്രാൻസിൽ നടന്ന വിപ്ലവമായിരുന്നു ഫ്രഞ്ച് വിപ്ലവം. സ്വാതന്ത്ര്യം, സമത്വം, സാഹോദര്യം എന്നീ ആശയങ്ങളുടെ അടിസ്ഥാനത്തിൽ സമൂഹത്തെ പുനഃസൃഷ്ടിക്കുക എന്നതായിരുന്നു ഈ വിപ്ലവത്തിന്റെ ലക്ഷ്യം. ഭരണം, നീതിന്യായം, സൈന്യം തുടങ്ങി പൊതുജീവിതത്തിന്റെ എല്ലാ മേഖലകളിലും അസമത്വം പ്രകടമായിരുന്നു. ഫ്രഞ്ച് സമൂഹത്തെ മൂന്ന് എസ്റ്റേറ്റുകളായി തിരിച്ചിരുന്നു. ഒന്നാമത്തെ എസ്റ്റേറ്റിൽ പുരോഹിതന്മാരും രണ്ടാമത്തെ എസ്റ്റേറ്റിൽ പ്രഭുക്കന്മാരുമായിരുന്നു ഉണ്ടായിരുന്നത്. കച്ചവടക്കാർ, പണമിടപാടുകാർ, ഉദ്യോഗസ്ഥർ, അഭിഭാഷകർ, ഡോക്ടർമാർ അധ്യാപകർ മുതലായവർ മൂന്നാമത്തെ എസ്റ്റേറ്റിലായിരുന്നു. ഒന്നും രണ്ടും എസ്റ്റേറ്റുകൾ എല്ലാ അവകാശങ്ങളും ആനുകൂല്യങ്ങളും അനുഭവിച്ചു. എന്നാൽ മൂന്നാമത്തെ എസ്റ്റേറ്റിന് അവകാശങ്ങൾ ഒന്നുമുണ്ടായിരുന്നില്ലെന്നതിനു പുറമെ അവർക്ക് വിവിധ തരത്തിലുള്ള പ്രഭുവർഗ്ഗ നികുതികളുടെ വൻഭാരം ചുമക്കേണ്ടിവരികയും ചെയ്തു.

(8)

ഫ്രാൻസിൽ ഫ്യൂഡൽ വ്യവസ്ഥിതിക്കെതിരെ പോരാടാൻ കർഷകർക്കും മധ്യവർഗത്തിനും പ്രചോദനമേകിയത് ജ്ഞാനോദയ ചിന്തകരായിരുന്നു. മനുഷ്യൻ സ്വതന്ത്രനായി ജനിക്കുന്നു; എന്നാൽ എല്ലായിടത്തും അവൻ ചങ്ങലകളിലാണ് എന്ന റൂസ്സോയുടെ വാക്കുകൾ ഫ്രാൻസിനെ അതിതീവ്രതയോടെ വിപ്ലവത്തിലേക്കടുപ്പിച്ചു. സമൂഹത്തിന്റെ അടിസ്ഥാനമായി ജനങ്ങൾ ഏർപ്പെട്ട ഒരു കരാറിന്റെ ഫലമാണ് രാഷ്ട്രം എന്ന് വാദിച്ച റൂസ്സോയുടെ 'സാമൂഹിക ഉടമ്പടി' എന്ന ഗ്രന്ഥം ഏറെ ജനതയെ ശക്തമായി സ്വാധീനിച്ചു. അതുപോലെ വോൾട്ടയർ, മോണ്ടസ്ക്യൂ തുടങ്ങിയ ചിന്തകരും നിലവിലിരുന്ന വ്യവസ്ഥയെ ചോദ്യം ചെയ്തു. പള്ളിയെയും പുരോഹിതന്മാരെയും നിശിതമായി വിമർശിച്ച വോൾട്ടയർ ജനങ്ങളെ ഏറെ സ്വാധീനിച്ചു. ഭരണകൂടത്തിന്റെ നിയന്ത്രണങ്ങളില്ലാത്ത സ്വതന്ത്രമായ സാമ്പത്തിക പ്രവർത്തനങ്ങൾക്കായി വാദിച്ച ഫിസിയോക്രാറ്റുകളും വിപ്ലവത്തിനനുകൂലമായ അന്തരീക്ഷം സൃഷ്ടിച്ചു.

(9)

ജനാധിപത്യം നേരിടുന്ന വെല്ലുവിളികൾ.

ലോകത്തിലെ ഏറ്റവും വലിയ ജനാധിപത്യ രാഷ്ട്രമാണ് ഇന്ത്യ. നമ്മുടെ ജനാധിപത്യപ്രക്രിയയിൽ പലവിധ ഉയർച്ച താഴ്ചകൾ ഉണ്ടായിട്ടുണ്ട്. നമ്മുടെ പല അയൽരാജ്യങ്ങളിലും ജനാധിപത്യം അടിയുലഞ്ഞപ്പോൾ സ്വാതന്ത്ര്യാനന്തരം ഇന്നുവരെ ഇന്ത്യയിൽ ജനാധിപത്യം ഒരു ഭരണ വ്യവസ്ഥയായി നിലനിർത്താൻ നമുക്ക് കഴിഞ്ഞു. എങ്കിലും ഈ രംഗത്ത് നാം നിരവധി വെല്ലുവിളികൾ നേരിടുന്നു.

1. സാമ്പത്തികവും സാമൂഹികവുമായ അസമത്വം 2. നിരക്ഷരത.
3. വർധിച്ചുവരുന്ന ജനസംഖ്യ (4) പ്രാദേശിക അസമത്വം
5. ഭാഷാവാദം 6. വർഗീയത 7. ജാതീയത 8 തീവ്രവാദം.
9. വിഘടനവാദം (ഏതെങ്കിലും മൂന്ന് വെല്ലുവിളികളെക്കുറിച്ച് വിവരിക്കുക) (6)

14. തൊഴിലാളികൾക്ക് നിയമപരമായ ആനുകൂല്യങ്ങൾ ലഭിക്കുന്നുവെങ്കിൽ ആ വിഭാഗത്തെ 'സംഘടിത മേഖല തൊഴിലാളികൾ' എന്നാണ് അറിയപ്പെടുന്നത്.
• തൊഴിൽ സുരക്ഷ, നിയമാനുസൃത വേതനം, നിശ്ചിത ജോലിസമയം, അധിക ജോലിക്ക് പ്രത്യേക വേതനം, വേതനത്തോടുകൂടിയുള്ള അവധി, പെൻഷൻ. (3)

15. • മുഗൾ ഭരണം ദുർബലമായി
• പരസ്പരം കലഹിച്ചിരുന്ന നാട്ടുരാജ്യങ്ങൾ
• സാമ്പത്തിക സാമൂഹിക ശിഥിലത
• പൊതുവെയുള്ള അരക്ഷിതാവസ്ഥ (3)

16. • അശ്രദ്ധമായ വൈദ്യുതി ഉപയോഗം
• അശാസ്ത്രീയമായ കീടനാശിനി പ്രയോഗം
• ജലം പാഴാക്കൽ
• അനിയന്ത്രിതമായ രാസവള പ്രയോഗം
• വയൽ നികത്തൽ
• മാലിന്യങ്ങൾ പൊതുസ്ഥലത്ത് നിക്ഷേപിക്കൽ
• വനനശീകരണം.
• തണ്ണീർത്തടങ്ങൾ നികത്തൽ (ഏതെങ്കിലും നാലെണ്ണം) (4)

17.

| A | B |
|---|---|
| അമേരിക്കൻ സ്വാതന്ത്ര്യസമരം | ജോർജ് വാഷിംഗ്ടൺ |
| ജർമ്മനിയുടെ ഏകീകരണം | ഓട്ടോ ഫോൺ ബിസ്മാർക്ക് |
| നാഷണൽ അസോസിയേഷൻ ഫോർ പ്രൊട്ടക്ഷൻ ഓഫ് ലേബർ | ജോൺ ഡോഹർത്തി |
| ഇറ്റലിയുടെ ഏകീകരണം | ജോസഫ് മസ്സിനി |
| വെനിസ്വേല | സൈമൺ ബൊളിവർ |

(5)

18 ദേശീയവരുമാനത്തെ ജനസംഖ്യകൊണ്ട് ഹരിച്ചാൽ ലഭിക്കുന്ന തുകയാണ് പ്രതിശീർഷ വരുമാനം. എന്നാൽ പ്രതിശീർഷ വരുമാനമെന്നത് ശരാശരി വരുമാനമായതിനാൽ ഒരു വ്യക്തിയുടെ വരുമാനം കൃത്യമായി മനസ്സിലാക്കാൻ സാധിക്കില്ല. വരുമാന വിതരണത്തിലെ അസമത്വം ഇവിടെ കണക്കാക്ക

വിതരണം ചെയ്തിരിക്കുന്നു എന്ന് കണ്ടെത്താൻ പ്രതിശീർഷ വരുമാനം സഹായിക്കുന്നില്ല. (3)

19 · അന്വേഷണ കൗതുകം
· വിമർശന ബുദ്ധി
· യുക്തി ചിന്ത
· പ്രാദേശിക ഭാഷകളുടെ ആവിർഭാവം (4)
· മാനവികത

20 · വടക്ക് പടിഞ്ഞാറൻ പർവ്വതമേഖല
· ഉത്തര യൂറോപ്യൻ സമതലങ്ങൾ
· മധ്യ ഉന്നത തടങ്ങൾ
· ആൽപൈൻ സിസ്റ്റം (2)

21 പ്രായോഗിക പരിപാടികളുടെ അഭാവമായിരുന്നു സോഷ്യലിസത്തിന്റെ ആദ്യരൂപമായ ഉട്ടോപ്യൻ സോഷ്യലിസം എന്നറിയപ്പെടാൻ കാരണം. സോഷ്യലിസ്റ്റ് ആശയങ്ങളുടെ ശാസ്ത്രീയവും പ്രായോഗികവുമായ പരിപാടിയായിരുന്നു ശാസ്ത്രീയ സോഷ്യലിസം (2)

22. ഓരോ ആകാശീയ ചിത്രങ്ങളിലും തൊട്ടടുത്തുള്ള പ്രദേശങ്ങളുടെ ഏകദേശം 60% ആവർത്തിച്ചുവരുന്നു. ഇതിനെയാണ് ആകാശീയ ചിത്രങ്ങളുടെ ഓവർലാപ്പ് എന്നു പറയുന്നത്. ഓവർലാപ്പോടുകൂടിയ ചിത്രങ്ങൾക്ക് മാത്രമേ ത്രിമാനദൃശ്യ സാധ്യതയുള്ളൂ.

ആകാശീയ ചിത്രങ്ങളിലെ തൊട്ടടുത്തുള്ള പ്രദേശങ്ങളുടെ രണ്ട് ചിത്രങ്ങളെയാണ് ഒരു സ്റ്റീരിയോപെയർ എന്നുപറയുന്നത്.

ആകാശീയ ഛായാ ചിത്രങ്ങളെ ത്രിമാനരൂപത്തിൽ കാണാൻ ഉപയോഗിക്കുന്ന ഉപകരണമാണ് സ്റ്റീരിയോസ്കോപ്പ് എന്നു പറയുന്നത് (3)

23. · ജനങ്ങളാൽ തെരഞ്ഞെടുക്കപ്പെടുന്ന ഒരു രാഷ്ട്രത്തലവനും ജനങ്ങളെ പരമാധികാരത്തിന്റെ സ്രോതസ്സായി കണക്കാക്കുന്ന ഭരണക്രമവും
· മൗലികാവകാശങ്ങളും സംരക്ഷിക്കപ്പെട്ട മൗലികാവകാശങ്ങൾ
· സാമൂഹികവും വിദ്യാഭ്യാസപരവുമായി പിന്നാക്കം നിൽക്കുന്നവർക്ക

പ്രത്യേക സംരക്ഷണങ്ങൾ. (2)

24. • വിഷയാധിഷ്ഠിത പഠനങ്ങൾ നടത്തുന്നതിന്
• സ്ഥാനീയ വിവരശേഖരണങ്ങളിൽനിന്ന് ആവശ്യമായ വിവരങ്ങളെ വേർതിരിച്ചെടുക്കുന്നതിന്.
• വിവരങ്ങളുടെ സ്ഥാനീയ ബന്ധങ്ങളെ കണ്ടെത്തി വിശകലനം ചെയ്യുന്നതിന്
• ത്രിമാനരീതിയിലും ചലിക്കുന്ന രീതിയിലും വിവരങ്ങൾ കാലാനുസൃതമായി നവീകരിക്കുന്നതിനും കൂട്ടിച്ചേർക്കുന്നതിനും
• പ്രത്യേക ആവശ്യങ്ങൾക്കനുസൃതമായി ഭൂപടങ്ങൾ, ഗ്രാഫുകൾ, പട്ടികകൾ എന്നിവ നിർമ്മിക്കുന്നതിന്. (4)

25. ഉൽപ്പാദനയൂണിറ്റുകളുടെ ഉടമസ്ഥാവകാശം പൂർണമായും സർക്കാരിന് ആണെങ്കിൽ അത്തരം സ്ഥാപനങ്ങൾ പൊതുമേഖലാ സ്ഥാപനങ്ങൾ എന്നറിയപ്പെടുന്നു. ഉൽപ്പാദനയൂണിറ്റുകളുടെ ഉടമസ്ഥാവകാശം വ്യക്തികളിലോ സ്വകാര്യ കമ്പനികളിലോ ആണെങ്കിൽ അവ സ്വകാര്യമേഖലാ സ്ഥാപനങ്ങൾ എന്ന വിഭാഗത്തിൽപ്പെടുന്നു. (2)

AJITHA. G.S
G.H.S.S. PULLUR
9446620803